"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/484/2024-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 05-01-2025

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ- സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന:- 1)സ.ഉ.(കൈ)നം 6/2019/പരി, തീയതി 27.11.2019

2)സ.ഉ.(കൈ)നം 7/2019/പരി, തീയതി 17.12.2019

3)സ.ഉ.(സാധാ) നം.639/2023/തസ്വഭവ, തീയതി 17.03.2023

4)സ.ഉ.(സാധാ)നം 673/2023/തസ്വഭവ, തീയതി 21.03.2023

5)സ.ഉ.(സാധാ)നം 1068/2023/തസ്വഭവ, തീയതി 20.05.2023

6)2025 ജനുവരി 1 മുതൽ 7 വരെ നടക്കുന്ന വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ മുന്നോടിയായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ അസോസിയേഷൻ പ്രതിനിധികളുമായി 27.12.2024 ൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നതിനുള്ള കർമ്മ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്ത് ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം രൂപികരിച്ചിട്ടുള്ളതും, ചുമതലകൾ നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിയമനടപടി കർശനമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് സൂചന (5) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്. 2025 ജനുവരി 1 മുതൽ 7 വരെ നടക്കുന്ന വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ മുന്നോടിയായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ അസോസിയേഷൻ പ്രതിനിധികളുമായി 27.12.2024-ൽ ചേർന്ന യോഗത്തിൽ എൻഫോഴ്സസ്മെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള ഉദ്യോഗസ്ഥതല നടപടി സ്വീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ചും അനുബന്ധ എൻഫോഴ്സ്മെന്റ് നടപടികൾ സംബന്ധിച്ചും ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അസിസ്റ്റൻ്റ് സെക്രട്ടറിമാരുടെയും, VEO മാരുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും അല്ലെങ്കിൽ ലഭ്യമായ മറ്റു സ്റ്റാഫിന്റേയും സേവനം ഉപയോഗപ്പെടുത്തി തദ്ദേശസ്ഥാപനതലത്തിൽ എൻഫോഴ്സ്മെന്റ് ടീമുകളുടെ പ്രവർത്തനം ഊർജിതമാക്കാൻ സെക്രട്ടറിമാർ നടപടി സ്വീകരിക്കുന്നു എന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പുവരുത്തണം.
2. ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡുകളും ഡ്യൂട്ടി അലോക്കേഷനായി കൃത്യമായ റോസ്റ്റർ പരിപാലിക്കുകയും, വീഴ്ച കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും വേണം. IVO-മാരുടെ കൂടി നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പ്രവർത്തനം വിപുലീകരിക്കണം
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും വീഴ്ച വരുത്തുന്ന തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കെതിരെ പ്രിൻസിപ്പൽ ഡയറക്ടർ നടപടിയെടുക്കുകയും വേണം.
4. പിഴ ചുമത്തിയിട്ടും പിരിച്ചെടുക്കാത്ത സാഹചര്യങ്ങളിൽ, വീഴ്ച വരുത്തുന്ന തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കെതിരെ പ്രിൻസിപ്പൽ ഡയറക്ടർ നടപടിയെടുക്കേണ്ടതാണ്.
5. ഒറ്റ വാട്ട്സ്ആപ്പ് നമ്പർ വഴി ലഭിക്കുന്ന പരാതികൾ കൃത്യസമയത്ത് തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കണം.
6. ഒറ്റ വാട്ട്സ്ആപ്പ് നമ്പർ വഴി നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പൗരന്മാർക്ക് പാരിതോഷികം നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കണം.
7. 2020 ജനുവരി 1 മുതൽ കേരള സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധിച്ച് സൂചന (1), (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിർമ്മാണ യൂണിറ്റുകൾ, സ്റ്റോക്കിസ്റ്റ് ഗോഡൗണുകൾ, കടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യണം
8. ടൂറിസം കേന്ദ്രങ്ങൾ, ആഡിറ്റോറിയങ്ങൾ, പൊതുപരിപാടികൾ, ആഘോഷങ്ങൾ തുടങ്ങിയിടങ്ങളിൽ നിരോധിത ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഇത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഈ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും നിയമനടപടി സ്വീകരിക്കുകയും വേണം
9. സൂചന (3) ഉത്തരവ് പ്രകാരം നിരോധിച്ചിട്ടുള്ള ഫ്ലെക്സ് ബോർഡുകൾ ഉപയോഗിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിന് ഒറ്റ വാട്സപ് നമ്പരിൽ ക്രമീകരണം കൊണ്ടുവരുന്നതിനുള്ള നടപടി ശുചിത്വ മിഷൻ സ്വീകരിക്കേണ്ടതാണ്. നിരോധിത

ഫ്ലെക്സ് ബോർഡുകൾ കണ്ടെത്തുകയും യഥാസമയം നീക്കം ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

10. നിയമനടപടി സംബന്ധിച്ച് ഓരോ തദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പുരോഗതി ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നിരന്തരം വിലയിരുത്തേണ്ടതാണ്. ഓരോ ജില്ലയിലേയും എൻഫോഴ്സ്മെന്റ് പ്രവർത്തനം പ്രിൻസിപ്പൽ ഡയറക്ടർ വിലയിരുത്തുകയും വിശദമായ റിപ്പോർട്ട് പ്രതിമാസം സർക്കാരിന് സമർപ്പിക്കുകയും ബഹു മന്ത്രിയുടെ ക്യാമ്പയിൻ യോഗങ്ങളിൽ അവതരിപ്പിക്കുകയും വേണം.

**********************

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 06-01-2025 14:48:19
സെക്ഷൻ ഓഫീസർ.

പകർപ്പ്

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ. ക്ക്